# കേരളസർവകലാശാല

നം.പി.ആർ.4/2021

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല സെനറ്റിലേക്കും വിദ്യാർത്ഥി കൗൺസിലിലേക്കുമുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും സർവകലാശാല യൂണിയൻ ഭാരവാഹികളുടേയും തെരഞ്ഞെടുപ്പ് ജനുവരി 8 ന് നടക്കുന്നതിനാൽ അന്നേദിവസം നടക്കാനിരുന്ന രണ്ടാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി.കോം. സി.ബി.സി.എസ്.എസ്./സി.ബി.സി.എസ്.എസ്. സി.ആർ. പരീക്ഷകൾ ജനുവരി 13 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

### ടൈംടേബിൾ

കേരളസർവകലാശാല നടത്തുന്ന ബി.എസ്.സി. നഴ്സിംഗ് (മേഴ്സിചാൻസ് – 2006 മുതൽ 2009 വരെയുള്ള അഡ്മിഷൻ) നാല്, മൂന്ന്, രണ്ട്, ഒന്ന് വർഷ പരീക്ഷകൾ യഥാക്രമം ജനുവരി 15, ഫെബ്രുവരി 1, 15, മാർച്ച് 1 എന്നീ തീയതികൾ മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത പരീക്ഷകൾ ഗവ.നഴ്സിംഗ് കോളേജ്, തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. എല്ലാ വിദ്യാർത്ഥികളും ഹാൾടിക്കറ്റ് ഗവ.നഴ്സിംഗ് കോളേജിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

### പ്രാക്ടിക്കൽ

2020 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോകെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 12 മുതൽ 18 വരെയുള്ള തീയതികളിൽ അതതു കോളേജുകളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ജ്യോഗ്രഫി പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 11, 12 എന്നീ തീയതികളിൽ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2020 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. സി.ബി.സി.എസ്. പരീക്ഷയുടേയും 2019 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എ. സി.ബി.സി.എസ്. പരീക്ഷയുടേയും സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി ജനുവരി 15 – ാം തീയതിക്കുള്ളിൽ ബി.എ. റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.V) ഹാജരാകേണ്ടതാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ., ബി.എസ്.സി., ബി.കോം. ഡിഗ്രി (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018 അഡ്മിഷൻ, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 15 വരെയും 150 രൂപ പിഴയോടെ ജനുവരി 20 വരെയും 400 രൂപ പിഴയോടെ ജനുവരി 22 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# <u>പരീക്ഷാഫലം</u>

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (2008 സ്കീം) ഫെബ്രുവരി 2020 സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 18. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മലയാളം, എം.എ സ്.ഡബ്ല്യൂ. എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് ജനുവരി 16 വരെ അപേക്ഷിക്കാം.

കേരളസർവകലാശാല 2020 ജൂലൈയിൽ നടത്തിയ നാലാം വർഷ എം.എ. സംസ്കൃതം (സ്പെഷ്യൽ), പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, ഇംഗ്ലീഷ്, എം.എസ്.സി. എൻവയോൺമെന്റൽ സയൻസ്, കെമിസ്ട്രി, ഫിസിക്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം.
06.01.2021

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 9188526670, 9188526671, 9188526674, 9188526675